R1-6190/18

നഗരസഭാ കാര്യാലയം,
ഇരിങ്ങാലക്കുട. 18/12/2018

# ഇരിങ്ങാലക്കുട നഗരസഭ
## ക്വട്ടേഷൻ നോട്ടീസ്

ഇരിങ്ങാലക്കുട നഗരസഭയുടെ റവന്യൂ വിഭാഗത്തിന്റെ കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിനും വസ്തുനികുതി പരിഷ്കരണ പ്രവർത്തനങ്ങൾക്കും ദിവസവാടക അടിസ്ഥാനത്തിൽ 31/03/2019 വരെ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ള വാഹന ഉടമകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. സീൽ ചെയ്ത ക്വട്ടേഷനുകൾ 31/12/2018 തിയ്യതി രാവിലെ 11 മണി വരെ നഗരസഭ ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ 12 p.m. ന് ക്വട്ടേഷൻ സമർപ്പിച്ചതിൽ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ താൽക്കാലികമായി അംഗീകരിക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ഒരു പ്രാഥമിക എഗ്രിമെന്റും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭ സെക്രട്ടറിയുടെ പേരിൽ മാറാവുന്ന 4000/- രൂപയുടെ ഡി.ഡി./എഫ്.ഡി./രസീത് എന്നിവ ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാലുടൻ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റും ക്വട്ടേഷൻ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും ഹാജരാക്കി നഗരസഭ റവന്യൂ വിഭാഗത്തിൽ റവന്യൂ ഇൻസ്പെക്ടറുടെ നിർദ്ദേശാനുസരണം വാഹനം ഓടിക്കേണ്ടതാണ്.

<u>ക്വട്ടേഷൻ വ്യവസ്ഥകൾ</u>

1. 2015 ലോ അതിനുശേഷമോ ഉള്ളതും 1150 CC യിൽ കുറയാത്ത എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം ലഭ്യമാക്കേണ്ടതാണ്.
2. ഒരു ദിവസം വാഹനം ഓടിക്കുന്നതിന് ഡ്രൈവറുടെ വേതനം, ഇന്ധനം ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3. വാഹനത്തിന്റെ അറ്റകുറ്റപ്പണി, വാഹന ഉടമയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാണ്.
4. വാഹനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അനുമതിയോടെ അവധി ദിവസങ്ങളിലും വാഹനം ഓടിക്കേണ്ടി വരുന്നതാണ്.
5. ദിവസവും രാവിലെ 9 മണി മുതൽ വൈകീട്ട് 5.30 വരെ ഓഫീസിൽ വാഹനം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

6. വാഹനത്തിന്റെ ആർ.സി. ബുക്ക്, ഇൻഷുറൻസ് സംബന്ധമായ രേഖകൾ, ഡ്രൈവറുടെ ലൈസൻസ്, ബാഡ്ജ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.
7. ഏതെങ്കിലും കാരണവശാൽ യാത്രക്കിടയിൽ വാഹനം കേടുപാടു പറ്റിയാൽ ഒരു മണിക്കൂറിനകം മറ്റൊരു വാഹനം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി.

പകർപ്പ്:– ചെയർമാൻ, സെക്രട്ടറി,
നോട്ടീസ് ബോർഡ്, പ്രസ്സ്.